**റൂളിംഗ്**

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിന്റെ പരിഗണനയ്ക്കെതിരെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകി കഴിഞ്ഞു. രണ്ട് ഭേദഗതികൾ ഔദ്യോഗികമായി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഭരണഘടനാ വ്യവസ്ഥ പ്രകാരമോ നിലവിലുള്ള നിയമങ്ങൾ പ്രകാരമോ ഇക്കാര്യത്തിലുണ്ടായിട്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് തോന്നുന്നു. മാത്രമല്ല അപ്രകാരം എന്തെങ്കിലും വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതുണ്ടെങ്കിൽ വകുപ്പ് തിരിച്ചുള്ള പരിഗണനാവേളയിൽ അതിന് അംഗങ്ങൾക്ക് അവസരമുണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.